"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി - തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വീട്ടം, സ്ഥലവും ആവശ്യമുള്ള ശ്രീ.മണി, രാശീവത്രം (EPEP ID5688) എന്ന ഗുണഭോക്താവിന് അനുയോജ്യമായി കണ്ടെത്തിയ വീടിന്റെ കാലപ്പഴക്കത്തിൽ ഇളവ് അനുവദിച്ച് ടി വസ്തുവും വീട്ടം വാങ്ങി നല്കുന്നതിന് തിരുവില്വാമല ഗ്രാമപഞ്ചായത്തിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2609/2025/LSGD തീയതി,തിരുവനന്തപുരം, 30-10-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
3. 10/08/2025-ലെ സ.ഉ.(സാധാ) നം.2071/2025/തസ്വഭവ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.10.2025-ലെ LSGD/PD/33325/2025-SPMC1 നം കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. അതിദരിദ്രർക്ക് അനുയോജ്യമായ വസ്തു കണ്ടെത്തി വീട് വച്ചു നല്കുന്നതിൽ കാലതാമസം നേരിടുന്നതിനാലും, അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട എല്ലാവരെയും 2025 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ മോചിപ്പിയ്ക്കുന്ന തരത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിയ്ക്കേണ്ടതിനാലും ഈ കുടുംബങ്ങളിൽ താല്പര്യമുള്ളവർക്ക് 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ഇല്ലാത്ത വീടുകൾ ഉൾപ്പെട്ട മൂന്ന് സെന്റിൽ കുറയാത്ത ഭൂമി കണ്ടെത്തി നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

5. തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വീട്ടം,

സ്ഥലവും ആവശ്യമുള്ള ശ്രീ.മണി, രാശീവത്രം (EPEP ID5688) എന്ന ഗുണഭോക്താവിന് മാത്രമാണ് ഇനി ടി സേവനം ലഭ്യമാകാൻ ബാക്കിയുള്ളതെന്നും പരാമർശം (3) പ്രകാരം അനുവദനീയമായ 6 ലക്ഷം രൂപക്ക് ഗ്രാമപഞ്ചായത്ത് 4 സെന്റ് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന രണ്ട് മുറികളും, ഒരു അടുക്കളയും, ഒരു ഹാളും ഉൾപ്പെടുന്ന 354 Sq.ft ഉള്ള വീട് കണ്ടെത്തിയിട്ടുണ്ടെന്നും തിരുവില്വാമല ടൗണിൽ നിന്നും അധികം ഉൾപ്രദേശം അല്ലാത്തതും ടി കുടുംബത്തിലെ പെൺകുട്ടികൾക്ക് ജോലിക്കും, വിദ്യാഭ്യാസ ആവശ്യത്തിന് എത്തിച്ചേരുന്നതിനും ഗതാഗത യോഗ്യമായ വസ്തു ആണ് പഞ്ചായത്ത് കണ്ടെത്തിയിരിക്കുന്നതെന്നും, ടി വസ്തുവും വീടും വാങ്ങുന്നതിന് ഗുണഭോക്താവ് സമ്മതമറിയിച്ചിരുന്നെന്നും, ഇത്രയും കുറഞ്ഞ വിലക്ക് ഗതാഗതയോഗ്യമായ സ്ഥലവും വീടും തിരുവില്വാമല ടൗണിനു സമീപത്ത് കണ്ടെത്തുന്നതിന് സാധിക്കുകയില്ലായെന്നും വീടിന്റെ ഉടമസ്ഥാവകാശ രേഖയുടെ പരിശോധനയിൽ വീടിന് 13 വർഷം പഴക്കം ഉള്ളതിനാൽ അതിദരിദ്ര കുടുംബത്തിന് താത്പര്യമുള്ള ടി സ്ഥലവും വീടും വാങ്ങുന്നതിന് പ്രത്യേക അനുമതി തിരുവില്വാമല ഗ്രാമപഞ്ചായത്തിന് നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(4) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. 13 വർഷം കാലപ്പഴക്കമുണ്ടെങ്കിലും കെട്ടിടം Structurally Stable ആണെന്നും പരിസരങ്ങളിൽ മറ്റു പ്രശ്നങ്ങളൊന്നും ഇല്ലാത്തതും Protective measures ഒന്നും ആവശ്യമില്ലാത്തതുമാണെന്നും ചുമരുകൾ സിമന്റ് ബ്ലോക്ക് ഉപയോഗിച്ച് നിർമ്മിച്ചതും, സ്ലോപ്ഡ് റൂഫ് കോൺക്രീറ്റ് മേൽക്കൂരയും, മരത്തിന്റെ വാതിലുകളും, ജനലുകളുമാണ് ഉള്ളതെന്നും നിലവിലെ അവസ്ഥയിൽ വീട് വാസയോഗ്യമാണെന്നുമുള്ള തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വീടും, സ്ഥലവും ആവശ്യമുള്ള ശ്രീ. മണി, രാശീവത്രം (EPEP ID5688) എന്ന ഗുണഭോക്താവിനായി കണ്ടെത്തിയ വീടും സ്ഥലവും ഗുണഭോക്താവിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായ സ്ഥലമായതിനാലും ഗുണഭോക്താവിന്റെ പ്രത്യേക താത്പര്യം പരിഗണിച്ചും നിഷ്കർഷിച്ചിട്ടുള്ള തുകക്ക് ഇതിനെക്കാൾ മെച്ചപ്പെട്ട വീടും സ്ഥലവും തിരുവില്വാമല ടൗണിനു സമീപത്ത് കണ്ടെത്തുന്നതിന് സാധിക്കുകയില്ലായെന്നതിനാലും നിലവിലെ അവസ്ഥയിൽ വീട് വാസയോഗ്യമാണെന്നുമുള്ള തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രം പരിഗണിച്ച് പരാമർശം (3) ഉത്തരവിലെ നിബന്ധനകളിൽ ഇളവ് അനുവദിച്ച് ടി വസ്തുവും വീടും വാങ്ങി നല്കുന്നതിന് തിരുവില്വാമല ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവില്വാമല ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/335/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 31-10-2025 10:40:04

സെക്ഷൻ ഓഫീസർ